**പതിനാലാം കേരളനിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 2027** — **11.06.2018-ൽ മറുപടിക്ക്**

## സംസ്ഥാനത്തെ ക്രമസമാധാന നില

| ചോദ്യം<br>ശ്രീ.സണ്ണി ജോസഫ് | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) കണ്ണൂർ ജില്ലയിൽ പ്രമുഖ രാഷ്ട്രീയ കക്ഷികളുടെ പ്രവർത്തകർ തമ്മിൽ നടക്കുന്ന സംഘർഷങ്ങളും കൊലപാതകങ്ങളും സംസ്ഥാനത്ത് ക്രമസമാധാന നിലയെ തകിടം മറിച്ചതായി പറയപ്പെടുന്ന വിഷയം ജനങ്ങളിൽ ഭീതിയും അരക്ഷിതാവസ്ഥയും ഉണ്ടാക്കിയതായി വിലയിരുത്തുന്നുണ്ടോ; | (എ) സംസ്ഥാനത്തെ ക്രമസമാധാനനില ഭദ്രമായതിനാൽ ജനങ്ങളിൽ ഭീതിയും അരക്ഷിതാവസ്ഥയും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) കണ്ണൂരിൽ സി.പി.എം. പ്രവർത്തകനായ കെ. ബാബുവിന്റെ കൊലപാതകം കഴിഞ്ഞ് അരമണിക്കൂറിനുള്ളിൽ ബി.ജെ.പി. പ്രവർത്തകനായ ഷമേജ് കൊല്ലപ്പെട്ടത് സ്വാഭാവിക പ്രതികരണം മൂലമാണെന്ന് വിലയിരുത്തുന്നുണ്ടോ; | (ബി) കോടതിയുടെ പരിഗണനക്ക സമർപ്പിക്കേണ്ട സംഗതിയാകയാൽ ഇപ്രകാരമൊരു വിലയിരുത്തൽ സർക്കാർ നടത്തിയിട്ടില്ല. |
| (സി) സംസ്ഥാനത്തെ തകർന്ന ക്രമസമാധാന നില പുന:സ്ഥാപിക്കുന്നതിനും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനും എന്തൊക്കെ നടപടികളാണ് അടിയന്തരമായി കൈക്കൊള്ളുന്നതെന്ന് അറിയിക്കുമോ? | (സി) ശക്ത ക്രമസമാധാനപാലനത്തിന് മികച്ച സംവിധാനങ്ങളുള്ള നമ്മുടെ സംസ്ഥാനത്ത് ക്രമസമാധാന നില ഭദ്രമാണ്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിൽ സംസ്ഥാന പോലീസ് സേന ജാഗരൂകരായി പ്രവർത്തിച്ചു വരുന്നു. അക്രമ സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുമ്പോൾ അക്രമികൾക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ പൊതുസ്ഥലങ്ങളിൽ പോലീസ് സാന്നിദ്ധ്യം ഉറപ്പു വരുത്തിയും ആവശ്യമായ സ്ഥലങ്ങളിൽ പിക്കറ്റ് പോസ്റ്റുകളും മൊബൈൽ പട്രോളിംഗും ഏർപ്പെടുത്തിയും പൊതുജന സുരക്ഷ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

Deepa

**സെക്ഷൻ ഓഫീസർ**